**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1239** — **06.03.2018 ൽ മറുപടിയ്ക്ക്**

# പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.എം. സ്വരാജ്**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം<br>3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br>4.പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ<br>5. ജില്ലാ ക്ലസ്റ്റർ വികസനം<br>6. സാങ്കേതിക സഹായവും കരാർ നിയമനവും<br>7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം<br>8. നഴ്സറികൾ സ്ഥാപിക്കൽ<br>9.സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും<br>10.പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം<br>11.പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം<br>12.'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ<br>13.കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ |

ഏജന്റ്' നിർമ്മാണം
14.മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
15.ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
16.'സേഫ്-ടു-ഈറ്റ്'-ബ്രാൻഡിംഗ് പദ്ധതി വഴി സഹായം
17. അവാർഡ് വിതരണം
18.ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
19. മഴമറ നിർമ്മാണം
20. പദ്ധതിയുടെ ബാഹ്യ നിരീക്ഷണം
21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ
22.കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക ധനസഹായം
23. വി.എഫ്.പി.സി.കെ. – വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം നൽകുന്നു.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറിയിൽ എത്ര ശതമാനമാണ് ആഭ്യന്തര ഉത്പാദനം എന്ന് വ്യക്തമാക്കാമോ; | ബി) | നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം ഒരു വർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി സംസ്ഥാനത്തിന് ആവശ്യമാണ്. ഇതിൽ 7.25 ലക്ഷം മെട്രിക് ടണ്ണാണ് (36.08 ശതമാനം) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. |
| സി) | കഴിഞ്ഞ ഓണക്കാലത്ത് ആരംഭിച്ച 'ഒരു മുറം പച്ചക്കറി' പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. ഇതിനായി 2018-19 വാർഷിക പദ്ധതിയിൽ ഓണത്തിന് ഒരു മുറം പച്ചക്കറി തുടർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പിന്തുണയോടെ വീടുകളിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഉണ്ട്. വീടുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി നടപ്പിലാക്കുന്നു. വീടുകളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇത |

കൂടാതെ വൈഗ 2017, സംസ്ഥാന സ്കൂൾ കലോൽസവം, തിരുവനന്തപുരത്തു നടന്ന വസന്തോൽസവം മുതലായ വേദികളിൽ പച്ചക്കറി വിത്തുകളും, തൈകളും കൗൺസിൽ വിതരണം ചെയ്യുകയുണ്ടായി. അതോടൊപ്പം കൗൺസിലിനെ സമീപിച്ച റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ ക്ലബ്ബുകൾ എന്നിവർക്ക് ആവശ്യമായ പരിശീലനങ്ങൾ, വിത്ത്, തൈകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**